# OSSAE HALF YEARLY EXAM
# CLASS IX

1) പ്രവാചകന്മാരുമായി ബന്ധമില്ലാത്ത പരാമർശം തിരഞ്ഞെടുക്കുക.
1) ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് പ്രവാചകന്മാർ.
2) യിസ്രായേലിലെ ആദ്യ പ്രവാചകൻ യെശയ്യാവാണ്.
3) സമകാലീന പശ്ചാത്തലങ്ങളെയും വ്യാഖ്യാനിച്ചു.
4) അവർ തിന്മയ്ക്കെതിരെ ശക്തമായി പ്രബോധിപ്പിച്ചു.

2) 'യെശയ്യാവ്' എന്ന പേരിന്റെ അർഥം എന്താണ്?
1) യഹോവ എന്റെ രക്ഷ.
2) യഹോവ എന്റെ ദൈവം.
3) യഹോവ കരുണയുള്ളവൻ.
4) യഹോവ സ്നേഹിക്കുന്നു.

3) താഴെ പറയുന്നവയിൽ തെറ്റായ പരാമർശം ഏതാണ്?
1) കഷ്ടപ്പാടിന്റെയും പീഡനത്തിന്റെയും കണ്ണീരിന്റെയും അനുഭവങ്ങളിലൂടെയാണ് യിരമ്യാവ് കടന്നുപോയത്.
2) ആദ്യസ്നേഹത്തിൽ നിന്നും യിസ്രായേൽ മാറിപോയതിൽ യഹോവ ദുഃഖിക്കുന്നതായി യിരമ്യാ പ്രവചനം അവതരിപ്പിക്കുന്നു.
3) യിരമ്യാവിന്റെ പ്രവചനപുസ്തകത്തിൽ 66 അധ്യായങ്ങളുണ്ട്.
4) ബാല്യത്തിൽ തന്നെ യിരമ്യാവിനെ പ്രവാചക ചുമതലയിലേക്ക് വിളിക്കപ്പെട്ടു.

4) ദാനിയേലിനോടൊപ്പം ബാബിലോണിലെ കൊട്ടാരത്തിൽ പ്രവർത്തിച്ച യഹൂദന്മാരായ യൗവനക്കാർ ആരെല്ലാം?
1) ശൗൽ, ദാവീദ്, ശലോമോൻ
2) ഹനനിയ, അസറിയാ, മീശായേൽ
3) മോശ, യോശുവ, ശമുവേൽ
4) യെശയ്യാവ്, യിരെമ്യാവ്, യെഹസ്കിയേൽ

5) താഴെ പറയുന്നവ ശ്രദ്ധിക്കുക.
A) ആമോസ് നീതിപ്രഘോഷകനായിരുന്നു.
B) ഹോശായ ദൈവസ്നേഹം പ്രവർത്തിയിലാക്കി.
C) യഹോവയുടെ അതുല്യത മിഖാ അറിയിച്ചു.
മുകളിൽ നൽകിയവയിൽ ശരിയായത് ഏതെല്ലാം?
1) A & C
2) B & C
3) A & B
4) A, B & C

6) ദ്രവ്യാഗ്രഹം, കാരുണ്യമില്ലായ്മ, വിഗ്രഹാരാധന, മദ്യപാനം എന്നിവയ്ക്കെതിരെ ശബ്ദമുയർത്തിയ പ്രവാചകൻ ആരാണ്?
1) യോനാ
2) ഹബക്കൂക്
3) യെശയ്യാവ്
4) ദാനിയേൽ

7) സ്വദേശത്തേക്ക് മടങ്ങിപ്പോകാൻ യഹൂദന്മാർക്ക് സ്വാതന്ത്ര്യം നൽകിയ പേർഷ്യൻ രാജാവ് ആര്?

1) മാർദുക്
2) ദാരിയസ്
3) കോരെശ്
4) നെബുക്കദ്നേസർ

8) ദേവാലയത്തിന്റെ പുനർനിർമ്മാണത്തിൽ ഏർപ്പെടണമെന്ന് ആഹ്വാനം ചെയ്ത പ്രവാചകൻ ആരാണ്?
1) യിരെമ്യാവ്
2) ഹഗ്ഗായി
3) യെശയ്യാവ്
4) യോവേൽ

9) ബി.സി. ആറാം നൂറ്റാണ്ടിൽ യഹൂദദേശം കീഴടക്കാൻ നേതൃത്വം നൽകിയ ബാബിലോണിലെ ഭരണാധികാരി ആരാണ്?
1) നെബുക്കദ്നേസർ
2) ദാരിയസ്
3) കോരെശ്
4) മാർദുക്

10) യിസ്രായേൽ ജനങ്ങൾക്ക് ബാബിലോൺ അടിമത്തത്തിൽ ജീവിക്കേണ്ടിവന്നത് എത്ര വർഷം?
1) 126 വർഷം
2) 8 വർഷം
3) 70 വർഷം
4) 430 വർഷം

11) താഴെ പറയുന്നവയിൽ പ്രവാസത്തിന്റെ പ്രത്യക്ഷ സൂചനകളിൽ ഉൾപ്പെടാത്തത് ഏതാണ്?
1) സ്വതന്ത്രരാജ്യമായ യിസ്രായേലിനു സ്വാതന്ത്ര്യവും അസ്തിത്വവും നഷ്ടമായി.
2) യിസ്രായേൽ ബാബിലോണിന്റെ പ്രവിശ്യ മാത്രമായി.
3) യെരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടു.
4) യഹൂദന്മാരിൽ നല്ലൊരു പങ്കിനെയും ഈജിപ്തിലേക്ക് പിടിച്ചുകൊണ്ടുപോയി.

12) താഴെ പറയുന്നവയിൽ പ്രവാസകാലത്തുണ്ടായ മാറ്റങ്ങളിൽ ഉൾപ്പെടാത്തതു ഏത്?
1) സിനഗോഗുകൾ ആരാധനാ കേന്ദ്രങ്ങളായി.
2) ശബത്താചരണത്തിനു ഊന്നലുണ്ടായി.
3) ന്യായപ്രമാണത്തിന്റെയും മറ്റ് പുസ്തകങ്ങളുടെയും ക്രോഡീകരണം.
4) പ്രവാചകന്മാർ യിസ്രായേലിലെ ഭരണാധികാരികളായി.

13) യേശുക്രിസ്തുവിന്റെ കാലത്ത് ആരാണ് ലോകശക്തിയായി അറിയപ്പെട്ടിരുന്നത്?
1) റോമാക്കാർ
2) യഹൂദന്മാർ
3) ശമര്യർ
4) പേർഷ്യക്കാർ

14) താഴെ പറയുന്നവയിൽ യഹൂദന്മാരിൽ ഗ്രീക്ക് സംസ്കാരം ഉണ്ടാക്കിയ സ്വാധീനങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
1) പരിച്ഛേദനകർമ്മം, യഹൂദ രീതിയിലുള്ള ആരാധന എന്നിവയും അനുഷ്ഠാനങ്ങൾ യഹൂദന്മാർ ആചരിക്കാതെയായി.
2) ശബത്താചരണവും ബലിയർപ്പണവും അഭിവൃദ്ധിപ്പെട്ടു.
3) യുവാക്കൾ തിരുവെഴുത്തുകളിൽ നിന്നും അകന്നു.

4) സാന്മാർഗിക അധഃപതനമുണ്ടായി.

15) എന്താണ് 'സെപ്റ്റുവജിന്റ്'?
1) ഗ്രീക്ക് ഭാഷയിലേക്കുള്ള വേദപുസ്തകത്തിന്റെ ആദ്യ ഭാഷാന്തരം.
2) ഗ്രീക്ക് ഭാഷയിലേക്കുള്ള വേദപുസ്തകത്തിന്റെ അവസാന ഭാഷാന്തരം.
3) എബ്രായ ഭാഷയിലേക്കുള്ള വേദപുസ്തകത്തിന്റെ ആദ്യ ഭാഷാന്തരം.
4) എബ്രായ ഭാഷയിലേക്കുള്ള വേദപുസ്തകത്തിന്റെ അവസാന ഭാഷാന്തരം.

16) ഏത് ഭരണകർത്താവിന്റെ പ്രേരണയാലാണ് 'സെപ്റ്റുവജിന്റ്' തയ്യാറാക്കിയത്?
1) ദാരിയസ് ഒന്നാമൻ
2) കോരശ് രണ്ടാമൻ
3) ടോളമി രണ്ടാമൻ
4) അലക്സാണ്ടർ ചക്രവർത്തി

17) താഴെ പറയുന്നവയിൽ അന്ത്യോക്കസ് എപ്പിഫനസുമായി ബന്ധമില്ലാത്ത അംശം ഏത്?
1) അദ്ദേഹം ഒരു റോമൻ ഭരണകർത്താവായിരുന്നു.
2) അദ്ദേഹം സാമ്രാജ്യസൃഷ്ടിയിലും സാംസ്കാരിക അധിനിവേശത്തിലും തല്പരനായിരുന്നു.
3) പലസ്തീന്റെമേൽ അദ്ദേഹം ആധിപത്യം ഉറപ്പിച്ചു.
4) അദ്ദേഹം യെരുശലേം ദേവാലയം പിടിച്ചെടുത്ത്, സീയൂസ് ദേവന്റെ ആലയമാക്കി.

18) മക്കാബിയർക്ക് ആദ്യം നേതൃത്വം നൽകിയ യഹൂദ പുരോഹിതൻ ആരാണ്?
1) യൂഹാനോൻ
2) മത്തത്തിയാസ്
3) യോനാഥാൻ
4) ശീമോൻ

19) താഴെ പറയുന്നവയിൽ മക്കാബിയരുമായി ബന്ധമില്ലാത്തത് ഏത്?
1) മക്കാബിയർ അന്ത്യോക്കസിനെതിരെ പോരാടി.
2) തിരുവെഴുത്തുകൾ അനേക ഭാഷകളിലേക്ക് തർജ്ജമ ചെയ്യാൻ സഹായമേകി.
3) ന്യായപ്രമാണ കല്പനയുടെ അനുസരണത്തിനും ആചാരണത്തിനും അവർ ശ്രദ്ധിച്ചു.
4) ഗ്രീക്കുകാരിൽ നിന്നും യെരുശലേം ദേവാലയം പിടിച്ചെടുത്ത് പുനഃപ്രതിഷ്ഠ നടത്തി.

20) ആരാണ് 'ഹസീദിം'?
1) വീറും ഭക്തിയുമുള്ള യഹൂദന്മാരുടെ സമൂഹം.
2) യഹൂദന്മാരായ സായുധപോരാളികളുടെ സംഘം.
3) യെരുശലേമിലെ പ്രവാചകരുടെ സംഘം.
4) ബാബിലോണ്യകാരായ കച്ചവടക്കാരുടെ സമൂഹം.

21) നായകൻ ചൊല്ലിക്കൊടുക്കാനുള്ള ഭാഗവും അതേത്തുടർന്ന് ജനങ്ങൾ പ്രതിവാക്യം പറയുവാനുള്ള ഭാഗവും ചേർത്ത് വാക്യവും പ്രതിവാക്യവുമായി മാറിമാറി ചൊല്ലുവാൻ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകൾ ഏതാണ്?
1) സെദറാ
2) ലുത്തിനിയ
3) പ്രോമിയോൻ
4) ഹൂത്തോമോ

22) പൗരസ്ത്യ ആത്മീയ പാരമ്പര്യത്തിലെ 'ദൈവീകരണം' എന്ന ആശയം എന്താണ്?
1) സഭയും മിഷനും സ്ഥാപിക്കുക എന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം.
2) വേദശാസ്ത്ര ബിരുദം നേടുക എന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം.

3) ദൈവസാദൃശ്യത്തിലേക്ക് മടങ്ങിയെത്തുക എന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം.
4) ദൈവരാജ്യം സ്ഥാപിക്കുക എന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം.

23) താഴെ പറയുന്നവയിൽ "പട്ടങ്ങപ്പെട്ട ദൈവം തമ്പുരാനെഎന്ന്" തുടങ്ങുന്ന ലുത്തിനിയയിൽ ഉൾപ്പെടാത്ത ആശയം ഏതാണ്?
1) ആദാമിന്റെയും ഹവ്വയുടെയും സൃഷ്ടി.
2) ത്രിത്വവിശ്വാസത്തിന്റെ പ്രഖ്യാപനം.
3) പരി. കന്യകാമറിയാമിന്റെയും പരിശുദ്ധരുടെയും മധ്യസ്ഥത.
4) ന്യായവിധി ദിവസം

24) താഴെ പറയുന്നവയിൽ ഓർത്തഡോക്സ് ആരാധനയുടെയും ആധ്യാത്മികതയുടെയുമല്ലാത്തത് ഏത്?
1) വാങ്ങിപോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥന.
2) വികാരത്തിലുള്ള ചലനങ്ങൾ
3) പരി. കന്യകാമറിയാമിന്റെയും വിശുദ്ധന്മാരുടെയും മധ്യസ്ഥത.
4) പരി. ത്രിത്വത്തിലുള്ള വിശ്വാസവും പ്രഖ്യാപനവും.

25) ലുത്തിനിയ ഉപയോഗിക്കുന്ന ആരാധന സന്ദർഭം ഏതാണ്?
1) പെന്തക്കോസ്തി ശുശ്രൂഷ
2) വിവാഹ കൂദാശ
3) മാമോദീസ
4) സ്വർഗ്ഗാരോഹണ പെരുന്നാൾ ശുശ്രൂഷ

26) ക്യംതാ നമസ്കാരത്തിലെ കേന്ദ്രവിഷയം ഏതാണ്?
1) കർത്താവിന്റെ ഉയിർപ്പ്
2) കർത്താവിന്റെ മാമോദീസ
3) കർത്താവിന്റെ പീഡാസഹനം
4) പെന്തക്കോസ്തി

27) "ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി..." എന്ന ഗീതത്തിലുൾപ്പെടാത്ത ആശയം ഏതാണ്?
1) ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചത് ദൈവമാണ്.
2) മനുഷ്യരെ ആകാശത്തിന്റെയും ഭൂമിയുടെയും അധികാരികളാക്കി.
3) ആകാശവും ഭൂമിയും ദൈവത്തെ നമസ്കരിക്കുന്നു.
4) ദൈവത്തിന്റെ സൃഷ്ട്ടി സംവിധാനം സ്തുത്യമാണ്.

28) വി. കന്യകാമറിയാമിന്റെ കന്യകാത്വത്തിനു വേദപുസ്തകത്തിൽ നിന്നുള്ള തെളിവുകളായി താഴെ പറയുന്നവയിൽ ഏതെല്ലാമുണ്ട്?
A) അത്ഭുതഫലം നൽകിയ വൃക്ഷം B) വെള്ളം നൽകിയ തീക്കൽപാറ C) വായിൽ എസ്തീറാ വഹിച്ച മത്സ്യം
1) A & B
2) A,B, & C
3) A & C
4) B & C

29) സഭ പാശ്ചാത്യം, പൗരസ്ത്യം എന്ന് രണ്ടായി പിരിഞ്ഞത് എന്ന്?
1) എ.ഡി. 1054
2) എ.ഡി. 431
3) എ.ഡി. 451
4) എ.ഡി. 1912

30) പാശ്ചാത്യം-പൗരസ്ത്യം എന്ന് രണ്ടായി സഭ പിരിയുന്നതിനുള്ള കാരണങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

1) ഇരു സഭകളിലും നിലനിന്നിരുന്ന വിശ്വാസ-ആചാര വൈപരീത്യങ്ങൾ.

2) അറിയോസിന്റെ വേദവിപരീതം.

3) പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ ചൊല്ലിയുള്ള തർക്കം.

4) രാഷ്ട്രീയ സ്പർദ്ധകൾ.

31) പാശ്ചാത്യം- പൗരസ്ത്യം എന്ന് രണ്ടായി സഭ വിഭജിതമായതിന്റെ പ്രത്യാഘാതങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

1) ചക്രവർത്തി തലസ്ഥാനം കുസ്തന്തീനോപോലീസിലേക്ക് മാറ്റി.

2) സഭൈക്യ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു.

3) സഭകൾ തമ്മിലുള്ള ശക്തമായ ബന്ധം താറുമാറായി.

4) മിഷനറി പ്രവർത്തനങ്ങൾ ഊർജ്ജിതമായി.

32) താഴെ പറയുന്നവയിൽ കുരിശു യുദ്ധങ്ങളുമായി ബന്ധമില്ലാത്തത് ഏത്

1) ക്രിസ്ത്യാനികളുടെ പുണ്യസ്ഥലങ്ങൾ മുഹമ്മദീയരിൽ നിന്നും മോചിപ്പിക്കാൻ നടത്തിയതാണ് കുരിശുയുദ്ധങ്ങൾ.

2) പ്രധാനമായും എട്ട് കുരിശുയുദ്ധങ്ങളാണ് നടന്നിട്ടുള്ളത്.

3) എ.ഡി. പതിനേഴ് മുതൽ പത്ത് നൂറ്റാണ്ടു വരെയുള്ള കാലത്താണ് നടന്നത്.

4) പൗരസ്ത്യ റോമൻ സാമ്രാജ്യം ക്ഷയിക്കാൻ ഇത് കാരണമായി.

33) ഒന്നാമത്തെ കുരിശുയുദ്ധത്തിനു നേതൃത്വം നൽകിയത് ആരാണ്?

1) ഏർബൻ രണ്ടാമൻ പാപ്പാ, ഗോഡ്ഫ്രീ, പീറ്റർ

2) യൂജിനിയൂസ് രണ്ടാമൻ പാപ്പാ, ജോൺ, ബെർണാഡ്,

3) ഇന്നസെന്റ് മൂന്നാമൻ പാപ്പാ, ഗോഡ്ഫ്രീ, പീറ്റർ

4) ഇന്നസെന്റ് നാലാമൻ പാപ്പാ, ലൂയി, ജോൺ.

34) അഞ്ചാം ഉബ്ദേനിൽ നാം ആരെയാണ് അനുസ്മരിക്കുന്നത്?

1) വി. കന്യകാമറിയം

2) വി. യോഹന്നാൻ സ്നാപകൻ

3) വാങ്ങിപോയ ആത്മീയ പിതാക്കന്മാർ

4) ക്രിസ്തീയ ഭരണകർത്താക്കൾ

35) അപ്പോസ്തോല പ്രവർത്തികളിൽ പ്രതിപാദിക്കുന്ന യെരുശലേം സൂനഹദോസിന്റെ അധ്യക്ഷൻ ആരായിരുന്നു?

1) വി. യാക്കോബ് ശ്ലീഹ

2) വി. പത്രോസ് ശ്ലീഹ

3) വി. തോമസ് ശ്ലീഹ

4) വി. പൗലോസ് ശ്ലീഹ

36) 'തെയോഫോറസ്' എന്ന് വിളിക്കപ്പെട്ടിരുന്ന സഭാപിതാവ് ആര്?

1) റോമിലെ വി. ക്ലിമ്മിസ്

2) അലക്സാണ്ഡ്രിയയിലെ വി. ദിവന്നാസ്യോസ്

3) അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ്

4) കൈസര്യയിലെ വി. ബസേലിയോസ്

37) താഴെ പറയുന്നവയിൽ സ്വർണ്ണവുകാരനായ മാർ ഈവാനിയോസുമായി ബന്ധമില്ലാത്തത് ഏത്?

1) അദ്ദേഹം കപ്പദോക്യൻ പിതാക്കന്മാരുടെ ഉത്തമ സ്നേഹിതനായിരുന്നു.
2) റോമിലെ പാത്രിയർക്കീസായി അദ്ദേഹം നിയമിതനായി.
3) അദ്ദേഹം പ്രഗത്ഭനായ പ്രസംഗകനായിരുന്നു.
4) പ്രസംഗത്തിൽ അദ്ദേഹം ഗ്രീക്ക് ഭാഷായിലെ വാഗ്മികളുടെ ശൈലി അവലംബിച്ചു.

38) താഴെ പറയുന്നവയിൽ നിഖ്യ വിശ്വാസപ്രമാണത്തെ സംബന്ധിച്ച് ശരിയല്ലാത്ത പരാമർശം ഏതാണ്?
1) ഇത് രൂപീകരിച്ചത് എ.ഡി. രണ്ടാം നൂറ്റാണ്ടിലാണ്.
2) പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള നമ്മുടെ വിശ്വാസം ഉറപ്പിക്കുന്ന പ്രാർത്ഥനയാണിത്.
3) നമ്മുടെ എല്ലാ യാമപ്രാർത്ഥനകളും അവസാനിപ്പിക്കുന്നത് വിശ്വാസപ്രമാണം ചൊല്ലിയാണ്.
4) ക്രിസ്തീയ വിശ്വാസത്തിന്റെ രത്നച്ചുരുക്കമാണ് വിശ്വാസപ്രമാണം.

39) അറിയോസ് ആരായിരുന്നു?
1) അപ്പൊസ്തോലന്മാരുടെ ശിഷ്യൻ.
2) പാലസ്തീനിലെ ഗവർണ്ണർ.
3) അലക്സാന്ത്രിയയിലെ പട്ടക്കാരൻ.
4) ഗ്രീക്ക് സഭാപിതാവ്.

40) 'ഹോമോ ഊസിയോസ്' എന്ന വാക്കിന്റെ അർത്ഥം എന്താണ്?
1) സാരാംശത്തിൽ സമാനതയുള്ളവൻ
2) സാരാംശത്തിൽ സമത്വമുള്ളവൻ.
3) സാരാംശത്തിൽ സാമ്യമുള്ളവൻ
4) സാരാംശത്തിൽ വ്യത്യസ്തൻ

41) ദൈവത്തെ കുറിച്ച് നിഖ്യ വിശ്വാസപ്രമാണത്തിൽ വെളിപ്പെടുത്തുന്നതെന്ത്?
1) ദൈവം മനുഷ്യന്റെ ചിന്തയുടെയും ബുദ്ധിയുടെയും പരിധിക്കുള്ളിലാണ്.
2) ഏക സത്യദൈവത്തിലാണ് നാം വിശ്വസിക്കുന്നത്.
3) നാം ദൈവത്തിന്റെ അടിമകളാണ്.
4) പരിശുദ്ധ ത്രിത്വത്തിന്റെ പ്രഭവകേന്ദ്രം പുത്രനാം ദൈവമാണ്.

42) താഴെ പറയുന്നവയിൽ വിശ്വാസപ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയുമായി ബന്ധമില്ലാത്തത് ഏതാണ്?
1) ഇതിൽ യേശു ക്രിസ്തുവിന്റെ ശ്രേഷ്ഠതകൾ വെളിപ്പെടുത്തുകയും വിശ്വസിക്കുകയും ചെയ്യുന്നു.
2) യേശു ക്രിസ്തുവിനെ സംബന്ധിച്ചുള്ള വേദവിപരീതങ്ങൾക്ക് സഭ നൽകുന്ന മറുപടിയാണിത്.
3) പിതാവാം ദൈവത്തിന്റെ ഏകജാതനായ പുത്രനാണ് യേശു ക്രിസ്തു.
4) പരിശുദ്ധാത്മാവ് മുഖാന്തരമാണ് പുത്രൻ സകലവും സൃഷ്ടിച്ചത്.

43) "യേശു പൂർണ്ണ ദൈവമാണെങ്കിലും പൂർണ്ണമനുഷ്യനല്ലായിരുന്നു" എന്ന് പഠിപ്പിച്ച വേദവിപരീതി ആരാണ്?
1) അറിയോസ്
2) അപ്പോളിനറിയോസ്
3) നെസ്തോറിയോസ്
4) മാഴ്സ്യൻ

44) വിശ്വാസപ്രമാണം വി. കുർബാനയിൽ ചൊല്ലുന്ന രീതി ഏർപ്പെടുത്തിയത് ആരാണ്?
1) അലക്സാന്ത്രിയയിലെ ദിയസ്കോറോസ് പാത്രിയർക്കീസ്
2) അന്ത്യോക്യയിലെ സേവേറിയോസ് പാത്രിയർക്കീസ്
3) അന്ത്യോക്യയിലെ പത്രോസ് പാത്രിയർക്കീസ്
4) അലക്സാന്ത്രിയയിലെ കൂറിലോസ് പാത്രിയർക്കീസ്

45) അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ ആദ്യകാല നാമം എന്തായിരുന്നു?

1) ജോസെഫ് ഫ്രാൻസിസ് തോമസ് അൽവാറീസ്

2) ജോസെഫ് ഫ്രാൻസിസ് യൂലിയോസ് അൽവാറീസ്

<u>3) ആൻറ്റോനിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസ്</u>

4) ആൻറ്റോനിയോ യൂലിയോസ് മാത്യൂസ് അൽവാറീസ്

46) താഴെ പറയുന്നവയിൽ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ ജീവിതവുമായി ബന്ധമില്ലാത്ത പരാമർശം ഏതാണ്?

1) ഗോവയിലെ 'വെർന്ന' എന്ന സ്ഥലത്തു കുലീനമായ റോമൻ കത്തോലിക്കാ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്.

2) അദ്ദേഹം റോമൻ കത്തോലിക്ക ഒരു വൈദീകനായി പട്ടം സ്വീകരിച്ചു.

3) കോട്ടയം പഴയസെമിനാരിയിൽ വച്ച് അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു.

<u>4) കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അദ്ദേഹത്തെ നിയമിച്ചു.</u>

47) താഴെ പറയുന്ന പ്രസ്താവനകൾ ശ്രദ്ധിക്കുക.

A) “Times of Goa” എന്ന പേരിൽ ഒരു പത്രം അൽവാറീസ് മാർ യൂലിയോസ് ആരംഭിച്ചു.

B) കത്തോലിക്ക സഭയും പോർട്ടുഗീസ് ഗവണ്മെന്റും അൽവാറീസ് മാർ യൂലിയോസിനെ പീഡിപ്പിച്ചു.

C) 1932 സെപ്റ്റംബർ 25 ആം തീയതി അൽവാറീസ് മാർ യൂലിയോസ് കാലം ചെയ്തു.

മുകളിൽ പറയുന്നവയിൽ ശരിയായവ ഏതെല്ലാം?

<u>1) A & B</u>

2) A, B & C

3) A & C

4) B & C

48) താഴെ പറയുന്ന ഉപമകളിൽ കാർഷിക ജീവിതത്തിൽ നിന്നു പ്രതിരൂപം യേശു സ്വീകരിച്ചത് ഏതാണ്?

1) വിളക്കിന്റെ ഉപമ

<u>2) വിതയ്ക്കുന്നവന്റെ ഉപമ.</u>

3) ക്ഷമിക്കാത്ത ദാസന്റെ ഉപമ.

4) കല്യാണ വിരുന്നിന്റെ ഉപമ.

49) താഴെ പറയുന്നവയിൽ കൃഷിയെ സംബന്ധിക്കുന്ന ക്രിസ്തീയ വീക്ഷണത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

1) ഭൂമി തരിശിടുന്നത് പാപമാണ്.

2) ദൈവത്തിന്റെ സ്നേഹവും സൃഷ്ടിയുടെ സൗന്ദര്യവും ആസ്വദിക്കാം.

3) കൃഷി ഒരു കൂട്ടായ്മയുടെ അനുഭവം തരും.

<u>4) പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാനുള്ള അവസരമാണ് കൃഷി.</u>

50) “എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചിതിന്നു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ” വേദഭാഗം ഏതാണ്?

1) എഫെസ്യർ 5:1

<u>2) ഗലാത്യർ 1:8</u>

3) 1 കൊരിന്ത്യർ 11:26

4) റോമർ 16:5